# കേരളീയസ്ത്രീയുടെ ആധുനികത

**രമ്യ പി പി**

**ഗവേഷക, കേരളവർമ്മ കോളേജ്, തൃശ്ശൂർ**

## ശരീരവും ആധുനികതയും

കൊളോണിയൽ വാർപ്പുമാതൃകയിൽ ക്രൈസ്തവ പാപബോധത്തിലധിഷ്ഠിതമായ പെൺ-ആൺ ശരീരങ്ങളെ ആധുനിക കേരളീയപരിസരം നിർമ്മിച്ചതാണ് നവോത്ഥാനത്തിലൂടെ വെളിപ്പെടുന്നത്. 'സ്ത്രീ ശരീരനിഷ്ഠയിൽ' കേന്ദ്രീകരിച്ചുകൊണ്ടുള്ള മനഃസംസ്കരണം സ്ഥാപിക്കേണ്ടതുണ്ട് എന്ന ബോധം ഈ കാലഘട്ടത്തിൽ രൂപപ്പെട്ടു. ആധുനികയിടത്തിൽ ഇത്തരം ചിന്തയെ നയിക്കുന്നതും സ്വീകരിക്കുന്നതും ആണധിഷ്ഠിതമായ സാംസ്കാരികഭൂമികയിൽ നിന്നുകൊണ്ടാണ്. ശരീരം പവിത്രമാണ് എന്ന് മനസ്സിനെ ധരിപ്പിക്കുകയും അതിനുതകുന്ന രീതിയിൽ പെൺശരീരങ്ങളെ നിർണയിക്കുകയും ചെയ്യുന്നു. മനഃസംസ്കരണം പെണ്ണിലേക്കുമാത്രം പ്രയോഗിച്ച് സ്വഭാവരൂപീകരണം സ്ത്രീയിൽ ഉണ്ടാകേണ്ട അനിവാര്യതയായി ഉറപ്പിക്കുന്നു. വിശുദ്ധി ശരീരത്തെ പുതപ്പിക്കുന്ന ആവരണമാകുന്നു. കന്യകാത്വംപോലുള്ള പ്രയോഗങ്ങൾ ഇത്തരം ശുദ്ധിബോധത്തെ നിർണയിക്കുന്നു. ശരീരത്തിന്റെ വൃത്തിയ്ക്കുള്ളിലാണ് സ്ത്രീയിൽ കന്യക എന്ന പദവിയെ നിലനിർത്തുന്നത്. ശരീരത്തിന്റെ പരിവർത്തനത്തിനനുസരിച്ച് പുരുഷയുക്തി ബോധപൂർവംതന്നെ ചാർത്തിത്തരുന്ന സ്ത്രൈണവിശേഷണങ്ങൾ മാത്രമാണിത്. "ആധുനിക കേരളത്തിന്റെ രൂപപ്പെടലിൽ ജാതിക്കുപരിയായി ലിംഗപരമായ ക്രമീകരണം ശക്തമാവുകയും പുരുഷാധിപത്യം ശക്തമാവുകയും ചെയ്യുന്നതായി" (വേണുഗോപാലൻ കെ.എം., ദേവിക ജെ., 2006: 38) വിലയിരുത്തുന്നു. ഇവിടെ ഫ്യൂഡൽ വ്യവസ്ഥിതിയിൽ നിലനിന്നിരുന്ന ജാതിബോധ്യങ്ങളെ കീഴ്മേൽമറിച്ച് 'ജാതി' ആണ്, പെണ്ണ് ജാതികളായി മാറുന്ന അവസ്ഥ കാണാം. ഒരു തലത്തിൽ ജാതി

ഫ്യൂഡൽ ശരീരങ്ങളെ പിൻതള്ളി ലിംഗശരീരങ്ങളിൽ വിവേചകത്വത്തെ പ്രതിഷ്ഠിക്കുകയാണ് ചെയ്തത് എന്ന് ചേർത്തുവായിക്കാം. മനഃസംസ്കരണവും ശരീരത്തെ ആസ്പദമാക്കിയുള്ള കേരളീയ ആധുനികതയുടെ മുദ്രകൾ തന്നെയാണ്.

വ്യക്തികേന്ദ്രിതമായ ലൈംഗികതയെക്കുറിച്ച് ആധുനികത വ്യവഹരിക്കുന്നു. വ്യക്തിയെ മാനവികതയുടെ പറ്റത്തിനുള്ളിൽനിന്ന് വിലയിരുത്തുന്നു. "മനുഷ്യഗണത്തിന്റെ അതിജീവനശേഷിക്ക് ഉതകുന്ന പ്രവൃത്തി അതിൽനിന്ന് സെക്ഷ്വാലിറ്റിക്കുണ്ടായ മാറ്റം ശരീരത്തിൽനിന്ന് വ്യക്തിയിലേക്കും വ്യക്തിയിൽനിന്ന് പൗരപദവിയിലേക്കുമുള്ള സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ പരിണാമവുമായി ബന്ധപ്പെട്ടതാണ്". (ഗീത പി., അജു കെ. നാരായണൻ (എഡി.) 2017: 28) കാഴ്ചകൾ എതിർലിംഗത്തെ വസ്തുവത്കരിക്കുകയും വീണ്ടും ചോദ്യം ചെയ്യപ്പെടേണ്ടുന്ന അവസ്ഥയിൽ എത്തിക്കുകയും ചെയ്യുന്നു. ലൈംഗികധാരണകൾക്ക് പാകമായ വിധത്തിൽ സ്ത്രീശരീരത്തെ ആധുനിക കേരളീയപൊതുസമൂഹം നിർമ്മിക്കുന്നു. അതിനുതകുന്ന സ്വാഭാവികമായ ചേഷ്ടകളെ വിധേയപ്പെടലിന്റെ ഉപാധി എന്ന നിലയിൽ പുരുഷാധിപത്യസമൂഹം സ്ത്രീയിൽ ആരോപിക്കുന്നു. അനുസരണ, അടക്കം, ഒതുക്കം, നാണം, ശാലീനത, സൗമ്യത ഇത്യാദി ഘടകങ്ങളെ ഫ്യൂഡൽവ്യവസ്ഥിതിയുടെ പിൻതുടർച്ചയെന്ന നിലയിൽ ആധുനികതയ്ക്കുള്ളിൽ നിലനിർത്തുന്നു. ഇവയെല്ലാം സ്ത്രീ സഹജഗുണങ്ങളാക്കി അവരോധിക്കുന്നു. ഈ സാഹചര്യത്തിൽ കേരളീയ പരിസരത്തിൽ രൂപപ്പെട്ടുവരുന്ന സദാചാരസംഹിതകളെ ക്രിയാപരമായി എതിർത്തുകൊണ്ട് ആധുനികതയിൽ ലൈംഗികതയെ അടിവരയിടുവാൻ സാധിക്കുന്നില്ല.

ഏകദാമ്പത്യവ്യവസ്ഥിതിക്കുള്ളിലാണ് ലൈംഗിക അധികാരം ഏറെക്കുറെ മൂർത്തമാകുന്നത്. "ഒരു ജന്മത്തിൽ ഒരുവൾക്ക് ഒരുവൻ ഭർത്താവ് എന്നുള്ള നിയമം ശ്ലാഘനീയമല്ലെന്നു പറവാൻ പാടില്ല. (സ്മൃതികൾ അനുവദിച്ചിട്ടുണ്ട്) എന്നാൽ തക്കതായ സംഗതികളിൽ മറ്റൊരു പുരുഷനെ ഭർത്താവായി സ്വീകരിക്കുന്നതുകൊണ്ട് ഒരു സ്ത്രീയെ കേവലം വ്യഭിചാരിണിയെന്നോ, പാതിവ്രത്യമില്ലാത്തവളെന്നോ വിചാരിക്കുന്നതും പറയുന്നതും തെറ്റാകുന്നു." (കടത്തനാട്ട് പോർളാതിരി, ലക്ഷ്മി ഭായി :7) ഇത്തരം നിരീക്ഷണങ്ങൾ നിലവിലെ ഏകദാമ്പത്യവ്യവസ്ഥയ്ക്ക് കടുത്ത വിമർശനമായി മാറുന്നു. കാരണം നിർബന്ധിത ആചാരമായും മര്യാദയായും അടിച്ചേല്പിക്കുന്ന വൈവാഹിക വ്യവസ്ഥ

സ്ത്രീയുടെ ജീവിതപരിസരത്തിലാണ് കൈ കടത്തുന്നത്. പൗരാണികതയ്ക്കുള്ളിൽ നിർണയിക്കപ്പെട്ടിരുന്ന സ്ത്രീയവസ്ഥയെ ആധുനികത കീഴ്മേൽ മറിക്കുന്നു. കേരളീയവ്യവസ്ഥാചരിത്രത്തിനകത്ത് ഏകദാമ്പത്യം നിജപ്പെടുത്തുന്ന ഭിന്ന ലൈംഗികതയുണ്ട് (hetrosexuality).എന്നാലിവിടെ പുരുഷന് പല ലൈംഗികത വിലക്കില്ലാതെ ആസ്വദിക്കാനും കഴിയുന്നു. സ്ത്രീയാണ് ഇവിടെയും അടിമ.

"സ്ത്രീപുരുഷൻമാർ സ്വതന്ത്രരായി സംസാരിക്കുന്നത് സംശയദൃഷ്ട്യാ വീക്ഷിക്കപ്പെടുകയും, സംസാരിക്കുന്നവരിൽപോലും പാപഭീതിയുടെ നിഴൽകുറ്റം ബാധിക്കുകയും ചെയ്യുന്ന നാടാണ് കേരളം. എന്നാൽ അതൃപ്തമായ ലൈംഗികകാമനകളുടെ വിളനിലമാണ് കേരളീയരുടെ മനസ്സെന്നത് 'ലൈംഗിക പീഡനവാർത്തകൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്' (മ്യൂസ്മേരി, 2015:79). കേരളത്തിൽ ലൈംഗികതയുടെ ചരിത്രത്തിനുള്ളിൽ ഏറെ പ്രമാദമായ കുറിയേടത്ത് താത്രി വിചാരണ നൂറ്റാണ്ടുകൾ കഴിഞ്ഞിരിക്കുന്ന സാഹചര്യത്തിലും വീണ്ടും വീണ്ടും കേട്ടുകൊണ്ടിരിക്കുന്ന ലൈംഗിക അതിക്രമങ്ങൾ ആധിപത്യപരമായ പുരുഷാധികാരത്തെയാണ് തുറന്നുകാണിക്കുന്നത്. 1996-ലെ സൂര്യനെല്ലി കേസ് മുതലാണ് കേരളത്തിൽ വ്യാപകമായി ലൈംഗിക പീഡനവാർത്തകൾ പ്രത്യക്ഷപ്പെടുന്നത്. ഇത്തരം ഒരു സാഹചര്യത്തിലേക്ക് ലൈംഗികതയെ കൊണ്ടുചെന്നെത്തിക്കുന്നത് ആധുനികത രൂപപ്പെടുത്തിയ ശരീരബോധ്യവും ലൈംഗികതാമനോഭാവവുമാണ്. ആധുനികകാലം മനുഷ്യാവകാശങ്ങളെയും, നീതി ബോധത്തെയും, സാമൂഹികപദവിയെയും, അന്തസ്സിനെയും കുറിക്കുന്ന മാനവികനിലപാടുകളിൽ ഉറച്ചുനില്ക്കുമ്പോഴും ലിംഗപരമായ വേർതിരിവുകളും ചൂഷണങ്ങളും തുടർച്ചയാകുന്ന സാഹചര്യമാണ് നിലനില്ക്കുന്നത്. അധികാരവിധേയത്വഘടന ആധുനിക സാമൂഹികപൊതുമണ്ഡലത്തിനകത്ത് പരുവപ്പെടുന്നതാണ് ഇതിന് കാരണം. ആധുനികത വ്യക്തിനിഷ്ഠതയ്ക്ക് പ്രാധാന്യം കല്പിയ്ക്കുമ്പോഴും സ്ത്രീക്ക് വ്യക്തിസ്വാതന്ത്ര്യം പരോക്ഷമായും പ്രത്യക്ഷമായും അനുവദിക്കാത്ത ആണധികാരം ആധുനികകേരളീയചരിത്രത്തിനകത്ത് അധികാരകേന്ദ്രമായി നിലകൊള്ളുന്നു.

## കുടുംബത്തിലെ പദവി വിചാരങ്ങൾ

കുടുംബമാണ് ആധുനികലിംഗപദവിയുക്തിയുടെ അടിസ്ഥാനം. ഫ്യൂഡൽ തറവാടുകളുടെ ബൃഹദാവരണത്തിൽ നിന്നും ചുരുങ്ങി 'വീട്' എന്ന സങ്കല്പത്തിൽ എത്തിനില്ക്കുകയാണ് ആധുനികതയുടെ പരിസരം. തറവാടുകളുടെ തകർച്ച അണുകുടുംബത്തെ സൃഷ്ടിക്കുകയുണ്ടായി.

അവിടെ തറവാട് അപ്രസക്തമാവുകയും വീട് കുടുംബവ്യവസ്ഥ യുടെ പുതിയ വീണ്ടെടുപ്പായി രൂപാന്തരപ്പെടുകയുംചെയ്തു. എന്നാൽ ആധുനികത വീണ്ടെടുത്തത് പുരോഗമനപരമായ മാറ്റമായിരുന്നില്ല മറിച്ച് തറവാടുകളുടെ ഭൂതകാലശേഷിപ്പുകളുടെ പരിവർത്തനോന്മുഖ മായ പുതിയ മുഖമായിരുന്നു. "അമ്മാവൻ ഭരിക്കുന്ന മരുമക്കത്തായ തറവാടുകളിൽനിന്ന് അച്ഛൻ ഭരിക്കുന്ന വീടുകളിലേക്ക് ആധുനിക കേരളീയ സമൂഹം ചേക്കേറി. അത്തരം കുടുംബത്തിനുള്ളിൽ പുരുഷൻ സമ്പാദിക്കുന്നവനായി. സ്ത്രീയവസ്ഥയിൽ പുരോഗമനപരമായ ഒരു മാറ്റവും ഉണ്ടായില്ല എന്നതാണ് ചിന്തനീയം. മരുമക്കത്തായത്തിൽ സ്ത്രീ നിലനില്ക്കുന്ന അവസ്ഥ പ്രത്യക്ഷത്തിൽ കുടുംബത്തെ മുൻനിർത്തി ഭദ്രമാണെങ്കിലും വിവേചനം അതിന്റെ ആന്തരിക പ്രവണതയായി നിലനില്ക്കുന്നുണ്ട്." കുടുംബത്തിനുള്ളിൽ ആധുനികവത്കരണത്തിന്റെ മുഖ്യസ്രോതസ്സായി പ്രവർത്തിക്കാൻ പ്രാപ്തയായ സ്ത്രീയുടെ രൂപമാ യിരുന്നു 19-ാം നൂറ്റാണ്ടുമുതൽ സാമൂഹിക പരിഷ്കരണവൃത്തങ്ങളിൽ ആദർശവത്കരിക്കപ്പെട്ടത്" (ദേവിക ജെ. 2006:31). ഇത് തികച്ചും സ്ത്രീപദവിയെ വീണ്ടുവിചാരം ചെയ്യപ്പെടുന്ന വിമർശനാത്മകമായ നിരീക്ഷണമാണ്. ഫ്യൂഡൽ തറവാടുകളിൽ സ്ത്രീ അധികാരത്തിനെ മുൻ നിർത്തി വിലയിരുത്തുമ്പോൾ മരുമക്കത്തായത്തെയാണ് ഏറെയും പുര സ്കരിക്കാൻ ശ്രമിക്കുന്നത് തറവാട്ടുകങ്ങളിൽ പെൺ മേധാവിസ്ഥാനം പേരിന് കല്പിച്ചു നല്കയും അധികാരം കാരണവർ കയ്യാളുകയും ചെയ്യുന്ന അവസ്ഥയിലാണ് ആധുനികതയുടെ അടിത്തറ പാകപ്പെട്ടത്.

അധികാരം അണുകുടുംബത്തിലും ആൺപക്ഷത്തുതന്നെയാണ് നില നിന്നത്. വീടും സമ്പത്തും അച്ഛനിൽ നിക്ഷിപ്തമായതോടെ കുട്ടികൾ അമ്മയുടേതായിരുന്ന കാലം അവസാനിക്കുകയും 'സ്ത്രീ കുടുംബത്തിനു ള്ളിൽ അപ്രധാനയായിത്തീരുന്ന സ്ഥിതിവിശേഷം ഉണ്ടായി. ആധുനി കകുടുംബത്തിനുള്ളിൽ അച്ഛനോടൊപ്പം മുറിപങ്കിടുകയും അമ്മയുടേതായ ഒരു മുറിയില്ലാതായിത്തീരുകയും ചെയ്തു. "കുടുംബം എന്ന യൂണിറ്റിന്റെ നിലനില്പിന് അന്യപുരുഷന്റെ കുട്ടിയെ ഗർഭംധരിക്കാത്ത സ്ത്രീ ആവശ്യ മായതിനാൽ സ്ത്രീയുടെ ചാരിത്ര്യം എന്ന സാമൂഹിക നിർമിതി പുരുഷന് അതിപ്രധാനമായി" (മാനസി, തന്മ :22). സ്ത്രീയുടെ ചാരിത്ര്യം വസ്തുനി ഷ്ഠമായി സാമൂഹികമായ സങ്കല്പമായി ഗണിക്കാം. അത് പുരുഷന്റെ ആധിപത്യസ്ഥാനത്തെ എന്നെന്നേക്കുമായി ഉറപ്പിക്കുന്നതിനുവേണ്ടി നടത്തുന്ന വൈകാരികമായ ചൂഷണമാണ്. പുരുഷന് തന്റെ അധികാര ത്തെ പൂർണമായും സംരക്ഷിക്കുന്നതിന് ഇത്തരം നടപടികൾ അതിരു കവിഞ്ഞ രീതിയിൽ കുടുംബത്തിനകത്ത് പ്രയോഗിക്കുന്നു. ആധുനിക

കേരളീയഭവനങ്ങളിൽ സ്ത്രീയെ മനസ്സിനുള്ളിലെ പാപബോധത്തിൽ തളച്ചിട്ടുകൊണ്ട് ആദർശങ്ങളെ മറച്ചുവെച്ചു.

'ആധുനികകുടുംബം' എന്നതിന്റെ തുടർച്ചയിൽ 1960-ൽ 'നാം ഒന്ന് നമുക്ക് രണ്ട്' എന്നത് കുടുംബാസൂത്രണമാർഗമായി കേരളീയ പരിസരത്തിൽ കൊണ്ടുവന്നു. ആധുനികകേരളം ഏറെ സ്വീകാര്യത യോടെ ആഘോഷിച്ചതാണ് കുടുംബാസൂത്രണപദ്ധതി. ജനസംഖ്യാ നിയന്ത്രണത്താൽ സാധ്യമാകുന്ന സാമ്പത്തിക ഉന്നമനത്തെയും അത് കേരളീയ ഭരണവ്യവസ്ഥയുടെ സുഗമമായ നടത്തിപ്പിനെയും സ്വാധീ നിക്കുന്നുവെങ്കിലും അത് സ്ത്രൈണോചിതമായ ശരീരവിനിമയങ്ങൾക്ക് അധികാരം ബോധപൂർവ്വം കല്പിച്ചുനല്കുന്ന വിലക്കിന്റെ ഭാഷ്യമാകുന്നു. "പ്രസവാനന്തരം ഗർഭം ഉണ്ടാകാതിരിക്കാനുള്ള വന്ധ്യംകരണത്തിന് അവർ സമ്മതിക്കണം'' (കേരളകൗമുദി, ആഗസ്റ്റ് 1967:17) എന്ന് ഡോ. സി.ഒ. കരുണാകരന്റെ കുടുംബാസൂത്രണ അജണ്ടയിൽ പുരുഷൻ നിർണയിക്കുന്നു. ശരീരവിനിമയാന്തരീക്ഷം കേരളീയപശ്ചാത്തല ത്തിൽ വീണ്ടും അടിവരയിടുന്നു. സാമുദായികപുരോഗതി, ദേശീയമാനം, ഇത്യാദിഘടകങ്ങളെമാത്രം കേന്ദ്രീകരിക്കുന്നതും പുരുഷനിർമ്മിത ഭരണതന്ത്രത്താൽ നിർണയിക്കപ്പെടുന്നതുമായ ഇത്തരം ചിന്തകൾ അപ്പാടെ ലൈംഗികസ്വത്വത്തെ അവഗണിച്ചു. ആധുനിക കുടുംബനിർ മ്മിതിയിൽ പദവിയിലും, അധികാരത്തിലും വ്യക്തമായ തിരസ്കാരം സ്ത്രീ നേരിടുന്നു എന്നത് പ്രസ്തുത നടപടിയിൽനിന്നും ബോധ്യപ്പെടുന്നു.

ആധുനിക കേരളചരിത്രത്തിൽ നാടകങ്ങളെ അട്ടിമറിച്ചുകൊണ്ട് ടെലിവിഷൻ സംസ്കാരത്തിനുള്ളിൽ സീരിയലുകൾ മാധ്യമചിഹ്നമാകു ന്നു. സ്ത്രീയെ വിശാലതയിൽ നിന്നകറ്റി അകത്തള ഉപാധിയാക്കുന്നു. രാമാനന്ദ്സാഗർ നിർമ്മിച്ച രാമായണ, മഹാഭാരതഭക്തി സീരിയ ലുകളിലൂടെ സമാരംഭിച്ച സീരിയൽ സംസ്കാരം വളരെപ്പെട്ടെന്നാണ് പെൺവിനിമയങ്ങളുടെ സിരാകേന്ദ്രമായത്. വീടിന്റെ വൈകാരികതയി ലേക്കും, സ്വകാര്യതയിലേക്കും പരിമിതപ്പെടുത്തുവാൻ സാധ്യമാക്കുന്ന പ്രത്യയശാസ്ത്രമാണ് സീരിയലുകൾ നിർണയിക്കുത്. ആത്മരതിയും, താദാത്മ്യവും ഒരു പരിധിവരെ സ്വയം കീഴ്പ്പെട്ടുപോകുന്ന മാനസികവ്യ വഹാരമാണ്. ശരീരം കുടുംബത്തിനകത്ത് ഭദ്രമാക്കേണ്ടതുണ്ട് കാരണം എല്ലാ അർത്ഥത്തിലും സഹിക്കുന്നവളായി സ്ത്രീയെ ആവിഷ്കരിക്കുന്നു. സ്ത്രീയെ സ്ത്രീയുടെ കഥയിലൂടെ ഇത്തരം വൈകാരിക ഇടത്തിൽ പരിമി തപ്പെടുത്തുന്നു. ഇന്നു കേരളീയ കുടുംബങ്ങളിലും, പൊതുമണ്ഡലത്തിലും സീരിയൽ, വിഭാഗീയതയുടെ അന്തരാർത്ഥങ്ങളെ സൃഷ്ടിക്കുന്നുണ്ട്.

കർത്തൃത്വവും ലിംഗപദവിയും

'കർത്തൃത്വം' കേരളീയചരിത്രത്തിൽ പുരുഷനിൽ നിക്ഷിപ്തമായിരുന്നു. കർത്തൃപദവി സ്വമേധയാ എടുത്തണിഞ്ഞ് രക്ഷകർത്തൃപദവി സ്വീകരിക്കുന്നു. നവോത്ഥാന നായകൻ, പരിഷ്കർത്താവ്, യുഗപുരുഷൻ, ഇത്യാദി മഹത് വിശേഷണങ്ങൾ ആ കർത്തൃത്വത്തിനകത്ത് ഭദ്രമാകുന്നു. സാമുദായിക ഇടപെടലുകളിൽ പുരുഷൻ പ്രഥമസ്ഥാനീയനാകുന്നതിന്റെ പരിണിതഫലമായി ഇത്തരം സ്ഥാനങ്ങൾ ഏറ്റുവാങ്ങുന്നു. ഇവിടെ 19-ാം നൂറ്റാണ്ടു മുതൽ 20-ാം നൂറ്റാണ്ടുവരെ ചരിത്രത്തിനകത്ത് അന്യവത്കരിക്കപ്പെട്ടുപോയ സ്ത്രൈണകർത്തൃത്വങ്ങൾ ഉണ്ടെന്നതാണ് ഇവിടെ പ്രശ്നവത്കരിക്കുന്നത്. ചരിത്രത്തെ ചികഞ്ഞെടുക്കുമ്പോൾ അത് വ്യക്തമാകും. കല്ലുമാലസമരത്തിലും ചാന്നാർ ലഹളയിലും ജാതി വിരുദ്ധ സമരമുഖങ്ങളിലും പുരുഷാധികാര പ്രവണതയാണ് കാണുന്നത്. അടുക്കളയിൽനിന്ന് അരങ്ങത്തേയ്ക്ക് വന്നാലും അണുകുടുംബങ്ങൾ അരങ്ങുകളെ നിഷ്കാസിതമാക്കും എന്ന ബോധ്യത്തിൽ തൊഴിൽ കേന്ദ്രങ്ങളിലേക്കുപോയ സ്ത്രീകളും കേരളീയചരിത്രത്തിൽ ആധുനിക മണ്ഡലത്തിന്റെ മാതൃകകളായിരുന്നു.

ആധുനികതയിൽ ദേശീയത വികാരമായതോടെ മാതൃത്വത്തെ ഉദാത്തവത്കരിച്ചു. മാതൃഭാവം ദേശം, ഭാഷ എന്നീ തലങ്ങളിലേക്കുകൂടി വ്യാപിച്ചു. ഈ അവസരത്തിലാണ്. സ്ത്രീശാക്തികതയെ മുൻനിർത്തിയുള്ള ഗാന്ധിജിയുടെ അനുകൂല നിലപാടുകളും ഉണ്ടാകുന്നത്. ഇതോടെ കേരളീയ സമരചരിത്രത്തിലേക്ക് അനേകം സ്ത്രീകൾ കടന്നുവന്നു. കേരളത്തിലെ ആനക്കര വടക്കത്തു പോലൊരു അഭിജാതകുടുംബത്തിൽനിന്ന് പുരുഷൻമാരെക്കാളേറെ സ്ത്രീകൾ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തതായികാണും. എം.വി. കുട്ടിമാളുവമ്മ, അമ്മു സ്വാമിനാഥൻ, സുശീലാമ്മ, സരോജിനിയമ്മ, ക്യാപ്റ്റൻ ലക്ഷ്മി തുടങ്ങിയവരുടെ നീണ്ട നിര'' (പന്മന, ഗീത പി, 2011: 964). ഈ ഇറങ്ങിവരവ് സ്ത്രൈണപദവിയുടെ പൂരണം തന്നെയാണ്. എന്നാൽ സ്വതന്ത്ര്യാനന്തരം അപ്രത്യക്ഷമാകുന്ന ഇത്തരം കരുത്തുകൾ പിന്നീട് വീണ്ടെടുക്കപ്പെടുന്നില്ല. ജാത്യാചാരങ്ങൾ സൃഷ്ടിച്ചിരുന്ന അതിരുകളെ മറികടക്കുന്ന പൊതുദൃശ്യത കേരളീയചരിത്രത്തിന്റെ ഭാഗമായിരുന്നു എന്ന് ഇതിൽ നിന്നും വ്യക്തമാണ്. എന്നാൽ സ്വാതന്ത്ര്യാനന്തരം സ്ത്രൈണ കർത്തൃത്വങ്ങളുടെ അപ്രത്യക്ഷത ഏറെ പ്രശ്നവത്കരിക്കപ്പെടുന്നതിൽ സദാചാരസംഹിതയുടെ കെട്ടുപാടുകൾ ഉണ്ട് എന്നത് സുവ്യക്തമാണ്.

ആധുനികതയുടെ പരിസരത്തിലാണ് കേരളത്തിൽ കമ്മ്യൂണിസ്റ്റ് അധികാരം സംഭവിക്കുന്നത്. അതിനുമുന്നോടിയായി രൂപംകൊണ്ട വർഗസമരങ്ങളിൽ സ്ത്രൈണസാമീപ്യം പ്രകടമാണ്. 'സഖാവ്' എന്ന പ്രയോഗത്തിലെ ആൺ-പെൺ സ്വീകാര്യത ഇവയെല്ലാം മഹത്വവത്ക രിക്കുന്നു. ലിംഗപരമായ വേർതിരിവിനെ അപ്രസക്തമാക്കുന്ന ഇത്തരം പ്രയോഗങ്ങൾ. കയ്യൂർ സമരത്തിൽ അണിനിരന്ന പെൺസഖാക്കൾ, മാണിക്കം, ചെമ്മരത്തി തുടങ്ങിയവരെ പി. ഗീത 'സ്ത്രീത്വം ഒരു ചരിത്രാ വലോകനം' എന്ന കൃതിയിൽ പരിചയപ്പെടുത്തുന്നുണ്ട്. അതുപോലെ 'ആണ്ടലാട്ടിന്റെ രേഖ ഇല്ലാത്ത ചരിത്രത്തി'ലും കമ്മ്യൂണിസ്റ്റ് വർഗസ മരപശ്ചാത്തലത്തിലെ പെൺകരുത്തുകളെ കണ്ടെത്താൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. എന്നാൽ പുരോഗമനപക്ഷത്ത് നിന്നു പ്രവർത്തിച്ച വനി തകൾക്ക് ചരിത്രത്തിൽ ആധികാരികമായ ഇടമില്ലാതെപോയി. കയ്യൂർ സമരവനിതകളിൽ ഒട്ടുമിക്കപേരും അധഃകൃത പക്ഷത്തിന്റെ പ്രതിനി ധികളായിരുന്നു എന്നതും ശ്രദ്ധേയം. ജാതിയുടെ പരിപ്രേക്ഷ്യങ്ങളിൽ പദവിയെ വിനിമയം ചെയ്യുന്ന പശ്ചാത്തലത്തിൽ അധികാരം സ്ത്രീകളെ തിരസ്കൃതരാക്കിയ സാഹചര്യമാണ് അവരുടെ അപ്രത്യക്ഷതയിൽ നിന്നു മനസ്സിലാക്കിയെടുക്കേണ്ടത്. ആശയങ്ങളുടെ ദൃഢതയെ മറിക ടക്കുന്ന ജാതിഅധികാരചിഹ്നങ്ങളുടെ വളർച്ചയാണിതിനു കാരണമായി വർത്തിക്കുന്നത്. തിരുവിതാംകൂറിന്റെ സമരനായികമാരിൽ കെ.ആർ. ഗൗരിയമ്മ, കൂത്താട്ടുകുളം മേരി, രാധമ്മ തുടങ്ങിയ കമ്മ്യൂണിസ്റ്റ് സഹാ യാത്രികരെ അടയാളപ്പെടുത്തുന്നുണ്ടെങ്കിലും അവരിൽ രാഷ്ട്രീയ നവയി ടത്തെ കണ്ടെത്തുവാൻ ഒരേ ഒരു ഗൗരിയമ്മയ്ക്കു മാത്രമേ സാധിച്ചിരുന്നു ള്ളൂ. എന്നാൽ അവർ എത്രപേർ അധികാരത്തിൽ നിന്നും നിഷ്കാസി തരായി എന്നതും സമീപഭൂതകാലത്തിലെ ചരിത്രയാഥാർത്ഥ്യമാണ്. ഇന്നും കേരളമന്ത്രിസഭയിൽ മുഖ്യമന്ത്രിപദവി അലങ്കരിക്കുവാൻ ഒരു വനിതയ്ക്ക് സാധിച്ചില്ലെന്നതുതന്നെ ഈ തുറന്ന ചിന്തയ്ക്ക് ആക്കം കൂട്ടുന്നു. അതുപോലെ ചരിത്രത്തിനുള്ളിലാണ് രക്തസാക്ഷികളെ നിർണ്ണയിക്കു ന്നത്. ഏതൊരു സമരമുഖത്തും ജീവൻ ബലിയർപ്പിച്ചവർ രക്തസാക്ഷി കളാണ്. ഇത്രമാത്രം പെൺസാന്നിദ്ധ്യം ഉണ്ടായിരുന്നിട്ടും രേഖയിലി ല്ലാതെ രക്തസാക്ഷികളായി മറഞ്ഞവർ ധാരാളം ഉണ്ടായിട്ടുണ്ട്.

കർത്തൃത്വത്തിലെ വിവേചനം ആധുനികയിടത്തിൽ സാഹിത്യവും പ്രകടിപ്പിച്ചിരുന്നു. ആ കർത്തൃത്വങ്ങൾ കല്പിച്ചുനല്കുന്ന വ്യക്തിചേതന യായി പെണ്ണുങ്ങൾ മാറുന്നു. ഇതിന്റെ മാതൃകകൾ 'ആശാന്റെ നായി കമാരി'ൽത്തന്നെ പ്രകടമാണല്ലോ. ശരീരനിഷ്ടതയേക്കാൾ മൂർത്ത വൽക്കരിക്കപ്പെട്ടു. മനഃസംസ്കാരം ആധുനിക ആൺ പ്രമത്തദയുടെ

ചിന്തകളെയാണ് പുരസ്കരിക്കുന്നത്. തറവാട്ടുകങ്ങളെ പൊളിച്ച് അണു കുടുംബത്തിലേക്ക് ഇന്ദുലേഖയെ നയിക്കുവാനും നവചിന്തകളെ കാര്യ മാത്രപ്രസക്തമായി അവതരിപ്പിക്കാനുള്ള വൈഭവം ചന്തുമേനോൻ ഇന്ദുലേഖയ്ക്ക് നല്കുമ്പോഴും സ്ത്രീക്കുള്ളിൽത്തന്നെയുള്ള ഒരു വിഭാഗീയത ദൃശ്യമാണ്. ധനത്തിന്റെയും, വിദ്യയുടെയും വൈഭവത്തിൽ മാത്രം പ്രാധാന്യവത്കരിക്കുമ്പോൾ നിഷ്പ്രഭരായി ഒരക്ഷരം ഉരിയാടാതെ കല്യാണിക്കുട്ടിയെപോലുള്ളവർ സൂരിനമ്പൂതിരിയുടെ ലൈംഗികഭോ ഗത്തിന് ഇരയാകുന്നു. ചരിത്രരേഖയായി മാറിയ ആദ്യകാലസാഹിത്യ ചരിത്രങ്ങൾ ബോധപൂർവ്വം പെണ്ണിന്റെ കർത്തൃത്വങ്ങളെ അവഗണി ക്കുന്ന സ്ഥിതിവിശേഷവും നവോത്ഥാന പരിസരത്തിൽ ദൃശ്യമാണ്. “1970 മുതൽ 1947 വരെയുള്ള കാലയളവിൽ സാഹിത്യചരിത്രത്തിൽ പന്ത്രണ്ട് എഴുത്തുകാരികളെ മാത്രമാണ് ഉള്ളൂർ പരാമർശിച്ചിരിക്കുത്. അതാകട്ടെ അവരുടെ കൃതികളെ അടിസ്ഥാനമാക്കിയല്ലെന്നും കാണാം. സാഹിത്യപരിശ്രമങ്ങളെയോ സാഹിത്യവാസനയുള്ള ഭർത്താവോ, സഹോദരനോ, അയല്ക്കാരനോ കാരണമായാണ് അവർ ഉൾക്കൊള്ളി ക്കപ്പെട്ടിരുന്നത്. മാത്രമല്ല, അവരുടെ സർഗാത്മകതയല്ല സദാചാര തല്പരത, ഭർത്തൃപരിചരണം, ശിശുപാലനം, ഭഗവത് ഭജനം, ഭക്തി എന്നിവയെയാണ് ഉള്ളൂരിന്റെ സാഹിത്യചരിത്രകാരികളുടെ മാതൃകഗു ണമായി പരിഗണിച്ചിരുത്” (സ്കറിയസക്കറിയ (എഡി.) : ഗീത പി., 2011: 278) നിലനിന്നിരുന്ന കോയ്മകൾക്കുള്ളിൽ നിന്നാണ് വേറിട്ട സ്ത്രീയെ കണ്ടെടുക്കാനാവാത്ത വഴക്കത്തിനുള്ളിൽ ഉള്ളൂരിന്റെ ചിന്തകൾ തളയ്ക്കപ്പെടുന്നതെന്നു കാണാം. മലയാളത്തിലെ സാഹിത്യപാരമ്പര്യങ്ങ ളിലെല്ലാം ഇത്തരം പരിചരണങ്ങൾ വ്യാപകമാണ്.

### ഉപസംഹാരം

കേരളീയചരിത്രത്തിൽ സ്ത്രീപുരുഷ പദവി വിചിന്തനം സാധ്യമാ കുമ്പോൾ ആണധികാരം സജീവമായി പ്രവർത്തിക്കുന്നു എന്നത് വ്യക്തമാകുന്നു. ജാതിബോധങ്ങൾക്കഭേദമായി ലിംഗപദവി വിചിന്ത നമാണ് കേരളീയചരിത്രത്തിലെ നിർണായകമായ പ്രതിസന്ധികളെ നിർണയിക്കുന്നത്. ആധുനികതയുടെ പരിസരത്തിൽ ഫ്യൂഡൽ ജാതി വ്യവസ്ഥയിൽനിന്നു വേറിട്ട ജാതി പുരുഷ-സ്ത്രീ ജാതിയായി പരിവർ ത്തനം ചെയ്യുന്ന സാമൂഹ്യസാഹചര്യത്തെയാണ് വിനിമയം ചെയ്യുന്നത്. ആധുനിക കേരളചരിത്രത്തിലെ സ്ത്രീശരീരങ്ങളെ രൂപപ്പെടുത്തുന്നത്, ആധുനിക മനഃസംസ്കരണവും അതിനെ അടിസ്ഥാനമാക്കിയ ശരീര ബോധ്യങ്ങളുമാണ്. അതിലൂടെ ആധുനിക അണുകുടുംബ-ലൈംഗിക

ആധിപത്യത്തിലൂടെയും കർത്തൃപദവിയിൽ നിന്നുള്ള നിഷ്കാസനത്തിലൂടെയുമാണ് കേരളീയ സ്ത്രീയുടെ ജീവിതം രൂപപ്പെട്ടുകൊണ്ടിരിക്കുന്നത്. ഉത്തരാധുനികത ഈ സ്ത്രീയവസ്ഥയെ പോറലേല്പിച്ച് പുതിയ സ്വത്വബോധം രൂപപ്പെടുത്തുന്ന പ്രക്രിയയിലുമാണ്.

ഗ്രന്ഥസൂചി

1 ഭാസ്കരനുണ്ണി പി., 1988, പത്തൊൻപതാം നൂറ്റാണ്ടിലെ കേരളം, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ
2 ഗണേഷ് കെ.എൻ., 1997, കേരളത്തിന്റെ ഇന്നലെകൾ ,സാംസ്കാരിക പ്രസിദ്ധീകരണവകുപ്പ്, കേരളസർക്കാർ.
3 ഗീത പി., 2010, പെൺകാലങ്ങൾ, കൈരളി ഓഫ് സെറ്റ് പ്രിന്റേഴ്സ്, കറന്റ് ബുക്സ്.
4 ഗീത പി., അജു കെ. നാരായണൻ, (എഡി.), 2017, താക്കോൽവാക്കുകൾ, വിദ്വാൻ പി.ജി. നായർ, ഗവേഷണകേന്ദ്രം, മലയാളവിഭാഗം, യു.സി. കോളേജ്, ആലുവ.
5 മ്യൂസ്മേരി, 2015, ഉടലധികാരം, ഒലിവ് പബ്ലിക്കേഷൻ , കോഴിക്കോട്.
6 രാമചന്ദ്രൻ നായർ പന്മന (എഡി.), 2011. കേരള സംസ്കാരപഠനങ്ങൾ, കറന്റ് ബുക്സ്, കോട്ടയം.
7 രമിഷ കടവത്ത്, 2016, ബലാൽക്കാരം—ഇരയും പ്രതിരോധവും, പ്രോഗ്രസ് ബുക്സ്, കോഴിക്കോട്.
8 റീജ (എഡി.) 2016, സ്ത്രൈണ കർത്തൃത്വം—ആഖ്യാനം പ്രതിനിധാനം രാഷ്ട്രീയം, ചിന്തപബ്ലിക്കേഷൻസ്, തിരുവനന്തപുരം.
9 കെ.എം. വേണുഗോപാൽ (എഡി.), 2006. കേരളം: ലൈംഗികത, ലിംഗനീതി, സെൽ ബുക്സ്, തിരുവനന്തപുരം.

ആനുകാലികങ്ങൾ

1 മാനസി, ലൈംഗികാതിക്രമങ്ങൾക്കു പിന്നിലെ ലൈംഗിമല്ലാത്ത ചിലത്, തന്മ, ലക്കം 12, മെയ് 2017.
2 ഉദയവർമ തമ്പുരാൻ, പോർളാതിരിമാർ, സ്ത്രീപുരുഷന്മാർ തമ്മിലുള്ള ആന്തരഭേദങ്ങൾ, ലക്ഷ്മിഭായി, പു -1-5 , ചിങ്ങമാസം 1090.